താങ്ങ്. നാളെ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. വരികയില്ലെങ്കിൽ നമുക്ക് പിടിച്ചുകൊണ്ടുവരാം അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി പ്രസംഗംചെയ്യാൻ അദ്ദേഹത്തിനുള്ള പാടവം ചില്ലറയല്ല. പ്രസംഗം കേൾക്കുമ്പോൾ ആരുടേയും ശിരസ്സു കുലുങ്ങിപ്പോകും. മലയാളം നിശ്ചയമില്ലാത്ത സായ്പുകൂടി അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തലയാട്ടി വിരിക്കുകയുണ്ടായി. തിരുമേനി നാളെ വരുകയില്ലെങ്കിൽ അദ്ദേഹത്തെ നമുക്ക് പിടിച്ചുകൊണ്ടുവരണം. ഇത്ര സരസമായി പ്രസംഗിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല.

Mr. Deputy President: The Hon'ble Member has taken more than half-an-hour.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a well known piece of legislation. Out of my respect to your place, I will finish off in 2 minutes.

അദ്ദേഹം അസ്വസ്ഥം തറക്കുന്ന വേദനയോടുകൂടിയാണ് ഇതിനെപ്പറ്റി സംസാരിച്ചത്. വാസ്തവത്തിൽ ഇതു അദ്ദേഹത്തിൽ അസ്വസ്ഥം തറപ്പിക്കുകയല്ല ഉണ്ടായതു്. ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമാണ് അദ്ദേഹം നോക്കുന്നതു്. കുടിയാന്മാരില്ലെങ്കിൽ ജന്മികളുണ്ടാകുമോ? കുടിയാന്മാരിലാണ് രാജ്യത്തിന്റെ അഭിവൃദ്ധിയെന്നു വിശ്വസിക്കുന്നവർ ഇവിടെയുള്ളതുകൊണ്ട് പ്രത്യേകിച്ചു പ്രജാമണ്ഡലം കക്ഷി ഇവിടെയുള്ളതുകൊണ്ട് കുടിയാന്മാരുടെ കാര്യം ഇവിടെ പറയും. ഗവൺമെണ്ടിന്റെ മനോഭാവത്തിന്റെ വ്യത്യാസമനുസരിച്ച് അതു കേൾക്കുകയും ചെയ്യും.

പിന്നെ പങ്കു പാട്ടത്തെപ്പറ്റി, നാളെ വരാൻപോകുന്ന ബില്ലിനെപ്പറ്റി ഇന്നതന്നെ പറയാൻ തുടങ്ങി. ഇപ്പോഴെ അവർക്കു ആ കാര്യത്തിൽ പരിഭ്രമം തുടങ്ങി. ഇതൊക്കെ പറയാൻ എനിക്കു ഇത്രയും സമയമനുവദിച്ചതിൽ ഞാൻ നന്ദിപറയുന്നു. ഈ കാര്യത്തിൽ നിങ്ങൾ പ്രാർത്ഥന ചെയ്യേണ്ടതാണെന്നുള്ള അപേക്ഷ യോടുകൂടി ഞാൻ വിരമിച്ചു കൊള്ളുന്നു.

Motion put and carried

2. The Cochin Verumpattamdars Act (Amendment) Bill

Mr. A. Eachara Menon *(Chittur-Tattamangalam):* I request the Chair to postpone consideration of my amendment Bill to the next meeting.

Mr. Deputy President: I will refer the matter for the leave of the House.

Motion put and carried

Non-official Resolutions

5. Lease of Purambokes to depressed class people *(contd.)*

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഭക്ഷ്യോല്പാദനപദ്ധതിയനുസരിച്ച് കൃഷിചെയ്യുവാൻ കൊടുത്തിട്ടുള്ള പുറംപോക്കു സ്ഥലങ്ങളുടെ കാലാവധി കഴിയുമ്പോൾ കിടക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കളും യഥാർത്ഥ കർഷകരുമായ അധഃകൃതർക്കു് മുൻഗണന കൊടുക്കണമെന്നുള്ള ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഇതു് ഏറ്റവും നിസ്സാരമായ കാര്യം നഷ്ടമില്ലാത്തതും, ആരുടേയും മുതലിൽനിന്നു എടുത്തു കൊടുക്കേണമെന്നു ആവശ്യപ്പെടാത്തതുമായ ഒരു സംഗതിയാണ്. ഗവൺമെണ്ടുവക പുറമ്പോക്കു സ്ഥലങ്ങൾ, പ്രയത്നം ചെയ്യുവാനും, താമസിക്കുവാൻ തീരെ സ്ഥലമില്ലാത്തതുമായ അധഃകൃതർക്കു, അതു വിഭജിക്കുന്ന സമയത്തു ഏറ്റവും പരിമിതമായ ഒരു ആവശ്യം മാത്രമാണ് ഈ പ്രമേയംകൊണ്ടു ആവശ്യപ്പെടുന്നതു. ഇതിനു ഈ നിയമസഭയിൽ ആരും തന്നെ വിരോധം പറയുമെന്നുള്ള ബോദ്ധ്യം എനിക്കില്ല. പുറംപോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിൽ എനിക്കു പ്രത്യേകമായി ഒരു കാര്യം ഗവൺമെണ്ടിനെ ചൂണ്ടി കാണിക്കേണ്ടതുണ്ട്. ഏതെങ്കിലും ഭൂമി ഉടമസ്ഥനാരുടെ സ്ഥലത്തിനടുത്തുകിടക്കുന്ന പുറമ്പോക്കു സ്ഥലമുണ്ടെങ്കിൽ അതു ആ ഭൂമി ഉടമസ്ഥനുതന്നെ പതിച്ചു കൊടുക്കേണമെന്നുള്ള ഒരു വ്യവസ്ഥ നമ്മുടെ ലാൻഡ് റവന്യൂ മാനുവലിലുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി, വളരെ അധികം ഏക്കർ ഭൂമി കൈവശമുള്ള ഒരു ഭൂമി ഉടമസ്ഥനായാലും ശരി ഇരിക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന കർഷകനു് അതിന്റെ അടുത്തു കിടക്കുന്ന പുറമ്പോക്കു സ്ഥലം പതിച്ചു കിട്ടണമെന്നു ആവശ്യപ്പെട്ടാൽ അതു കൊടുക്കാതിരിക്കുന്നതായ ഒരു നയം പുലർത്തുവാനുള്ള ചില നിയമങ്ങൾ നമ്മുടെ ഗവൺമെണ്ടിനുണ്ട്. ആയവക നിയമങ്ങളെല്ലാം ഇനി ഒന്നു മാറാതെ നിലനിർത്തിയില്ല. ഈയവക നിയമങ്ങളൊക്കെ ചില ജന്മിമാരെയെല്ലാം കുബേരന്മാരാക്കി തീർക്കുവാൻ പര്യാപ്തമായിട്ടുള്ളതാണ്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly